**KERALA BANK**
Kerala State Co-operative Bank

Regional Office: Thiruvananthapuram
P.B.No. 5122
East Fort,Fort P O
Thiruvananthapuram-695023

# കേരള സംസ്ഥാന സഹകരണ ബാങ്ക്,
# റീജിയണൽ ആഫീസ്, തിരുവനന്തപുരം.

പി.ബി. നം. 5122, ഈസ്റ്റ് ഫോർട്ട്, ഫോർട്ട് പി.ഒ., തിരുവനന്തപുരം-695023,
ഫോൺ: 0471-2451595, 2451596, 2451597

## സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന പരസ്യം

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം റീജിയണൽ ആഫീസിലെ ബാങ്കിംഗ് ഇതര ആസ്തി വിറ്റഴിക്കൽ പോളിസി പ്രകാരം ബാങ്കിന്റെ കൈവശമുള്ള വസ്തുവിന്റെ വിൽപ്പന നോട്ടീസ്. താഴെ പട്ടികയിൽ പറയുന്ന വസ്തുവകകൾ ബാങ്കിംഗ് ഇതര ആസ്തി പോളിസി പ്രകാരം വിൽപ്പന നടത്തുന്നതിലേയ്ക്കായി 16.06.2026-ാം തീയതിയിൽ രാവിലെ 11.00 മണിക്ക് നടത്തുന്ന വസ്തുലേല വിൽപ്പനയിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവരിൽ നിന്നും ദർഘാസുകൾ (മുദ്രവച്ച ദർഘാസുകൾ) ക്ഷണിച്ചുകൊണ്ടുള്ള വിവരം പൊതുജനങ്ങളെ ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

| | |
|---|---|
| **ലേല സ്ഥലം: കൊല്ലം ക്രെഡിറ്റ് പ്രോസ്സസിംഗ് സെന്റർ** | |
| **തീയതി : 16.06.2026 സമയം: രാവിലെ 11 മണി** | |
| സ്ഥാവര വസ്തുക്കളുടെ വിവരം : കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് നം. 194 റീ.സർവ്വേ നം. 8-ൽ ഉൾപ്പെട്ട 24.25 ആർ (59.92 സെന്റ്) വസ്തുവും അതിലുള്ള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. | |
| അതിരുകൾ : കിഴക്ക് - റസീലബീവി, ഹുസൈബ ഫൈസൽ, മുഹമ്മദ് വക വസ്തു, തെക്ക് - ഹലീമ ബീവി വക വസ്തു, വടക്ക് - വർഗ്ഗീസ് വക വസ്തു, പടിഞ്ഞാറ് - പോർട്ട് ഗോഡൗൺ, വർഗ്ഗീസ് വക വസ്തു | |
| നിലവിൽ ബാങ്കിന്റെ അറിവിൽ ബാദ്ധ്യതകൾ ഇല്ല. | |
| കരുതൽ വില : Rs. 5,45,49,000/- രൂപ | നിരതദ്രവ്യം: Rs. 54,54,900/- രൂപ |
| തുക ഒടുക്കേണ്ട അക്കൗണ്ട് നമ്പർ - 11342200503601<br>IFSC Code - KSBK0001134 | |

ലേല വിൽപ്പനയുടെ നിബന്ധനകൾക്കും, വ്യവസ്ഥകൾക്കും ബാങ്കിന്റെ വെബ്സൈറ്റായ https://www.keralabank.co.in സന്ദർശിക്കുക.

സ്ഥലം : തിരുവനന്തപുരം
തീയതി: 22.05.2026

(ഒപ്പ്)
ജനറൽ മാനേജർ, റീജിയണൽ ആഫീസ്
തിരുവനന്തപുരം

www.keralabank.co.in

Office- 0471-2451596, 2476676
Email: tvmro@keralabank.co.in
AR

KERALA
BANK
Kerala State Co-operative Bank

Regional Office: Thiruvananthapuram
P.B.No. 5122
East Fort, Fort P O
Thiruvananthapuram-695023

## ലേല വ്യവസ്ഥകളും, നിബന്ധനകളും

1. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ കരുതൽ വിലയുടെ 10% തുക നിരതദ്രവ്യമായി (ഇ.എം.ഡി) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കൊല്ലം മെയിൻ ശാഖയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്/RTGS സഹിതമുള്ള ടെണ്ടർ 'ടെണ്ടർ ഫോർ പ്രോപ്പർട്ടീസ്" എന്ന് എഴുതി ഒട്ടിച്ച കവറിൽ 15.06.2026–ന് വൈകുന്നേരം 5.00 മണിക്ക് മുമ്പായി കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കൊല്ലം ക്രെഡിറ്റ് പ്രോസ്സസിംഗ് സെന്ററിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ കവറുകൾ 16.06.2026–ന് രാവിലെ 11.00 മണിക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കൊല്ലം ക്രെഡിറ്റ് പ്രോസ്സസിംഗ് സെന്ററിൽ വച്ച് ലേലം വിളിക്കാൻ വന്നിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കുന്നതും, തുടർന്ന് ലേല നടപടികൾ തുടരുന്നതുമാണ്. താൽപ്പര്യമുള്ള ലേലക്കാർ ടി സമയത്ത് ഹാജരാകേണ്ടതാണ്.

2. റിസർവ് തുകയിൽ കുറഞ്ഞ് ലേല വിൽപ്പന നടത്തുന്നതല്ല.

3. ലേല വിൽപ്പന വസ്തുവകകൾ നിലവിലുള്ള അതേ അവസ്ഥയിൽ 'എവിടെയാണോ', 'എങ്ങനെയാണോ', 'ഏതൊക്കെയാണോ' എന്ന വ്യവസ്ഥയിലും, ലേല വസ്തുക്കളിൽ ഇപ്പോൾ ഉള്ളതും ഭാവിയിൽ ഉണ്ടായേക്കാവുന്നതുമായ നിയമപരമായതോ മറ്റ് സ്റ്റാറ്റ്യൂട്ടറി ബാദ്ധ്യതകളോ അല്ലാതെയുള്ളതോ ആയ ബാദ്ധ്യതകൾക്കോ, അല്ലെങ്കിൽ വിൽപ്പന പൂർത്തീകരിക്കപ്പെടുവാനുള്ള കാലതാമസത്തിനോ ബാങ്ക് യാതൊരുവിധത്തിലും ഉത്തരവാദിയല്ലാത്ത വിധത്തിലായിരിക്കും ഈ ലേല വിൽപ്പന. ലേലത്തിൽ പങ്കെടുക്കുന്നവർ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് വസ്തുവിന്റെ ഉടമസ്ഥാവകാശം, തരം, വിസ്തീർണ്ണം എന്നിവയും, വസ്തുവിന്മേലുള്ള ബാധ്യതകൾ, ക്ലെയിം/അവകാശങ്ങൾ മുതലായവയെപ്പറ്റിയും ടാക്സ്/റവന്യൂ അധികാരികളുമായി സ്വന്തം നിലയിൽ അന്വേഷണം നടത്തി ബോധ്യപ്പെടേണ്ടതാണ്.

4. ടെണ്ടറുകൾ തുറന്നതിനുശേഷം ബാങ്കിന് ലേലത്തുക വർദ്ധിപ്പിക്കുവാൻ വേണ്ടി ടെണ്ടറുകൾ സമർപ്പിച്ചിട്ടുള്ളവർ തമ്മിൽ ലേലം വിളിക്കുന്നതിന് അവസരം നൽകാവുന്നതും ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം വിളിക്കുന്ന ആൾക്ക് / സ്ഥാപനത്തിന് ലേലം ഉറപ്പിക്കുന്നതിന് ബാങ്കിന് അധികാരം ഉള്ളതുമായിരിക്കും.

5. ഏറ്റവും ഉയർന്ന തുകയ്ക്ക് ടെണ്ടറുകൾ സമർപ്പിക്കുന്ന വ്യക്തിയുടെ / സ്ഥാപനത്തിന്റെ പേർക്കോ അഥവാ ലേലത്തിൽ ഏറ്റവും ഉയർന്ന തുകയ്ക്ക് വിളിക്കുന്ന വ്യക്തിയുടെ / സ്ഥാപനത്തിന്റെ പേർക്കോ ബാങ്കിന്റെ സ്ഥിരീകരണത്തിന് വിധേയമായി ലേലം ഉറപ്പിക്കുന്നതായിരിക്കും. ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തി / സ്ഥാപനം ലേല ദിവസം തന്നെ നിരതദ്രവ്യം കഴിച്ച് (ഇ.എം.ഡി തുക) വരുന്ന ലേലതുകയുടെ 15% തുക അടയ്ക്കേണ്ടതും ബാക്കിവരുന്ന തുക 15 ദിവസത്തിനകം അടയ്ക്കേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ ലേലതുക കെട്ടിവയ്ക്കേണ്ട സമയത്തിനുള്ളിൽ അടയ്ക്കുന്നതിന് വീഴ്ച വരുത്തിയാൽ ഇ.എം.ഡി തുകയും, അടച്ച തുകയും തിരികെ ലഭിക്കുവാൻ അർഹതയില്ലാത്തതും, ഇതുമൂലം സംഭവിച്ചേക്കാവുന്ന കഷ്ട നഷ്ടങ്ങൾക്ക് ബാങ്ക് ഉത്തരവാദിയല്ലാത്തതും, കെട്ടിവച്ച തുക കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷിപ്തമാവുകയും ചെയ്യുന്നതും പുനർലേലം നടത്തുന്നതിന് ബാങ്കിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.



Office- 0471-2451596, 2476676
Email: tvmro@keralabank.co.in
AR

Regional Office: Thiruvananthapuram
P.B.No. 5122
East Fort, Fort P O
Thiruvananthapuram-695023

6. വസ്തു വിൽപ്പന ബാങ്കിന്റെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും. ബാങ്കിന് ലേലം ഉറപ്പിക്കുന്നതിനും, കാരണം കാണിക്കാതെ ലേലം നിർത്തി വയ്ക്കുന്നതിനും, മറ്റൊരു ദിവസത്തേയ്ക്ക് മാറ്റി വയ്ക്കുന്നതിനും, ലേലം അസാധുവാക്കുന്നതിനും പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

7. ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്ന വ്യക്തി / സ്ഥാപനം സംസ്ഥാനത്തെ വസ്തു കൈമാറ്റ രജിസ്ട്രേഷൻ നിയമ പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി മുതലായ ചെലവുകളും, നിയമപരമായ മറ്റ് ചെലവുകളും സ്വയം വഹിക്കേണ്ടതാണ്.

8. ബാങ്കിംഗ് ഇതര ആസ്തികളുടെ ലേല വിൽപ്പന സംബന്ധിച്ച വില (Reserve Price) നിശ്ചയിച്ചുറപ്പിച്ചിട്ടുള്ളതാകുന്നു.

9. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് ലേല വിൽപ്പന സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്കും മറ്റ് ലേല നിബന്ധനകൾ അറിയുന്നതിനും വസ്തുവകകൾ പരിശോധിക്കുന്നതിനും താഴെ നൽകിയിട്ടുള്ള ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ് (9447390014, 9447896344, 8848122480, 9495553552). മുൻകൂട്ടി നിശ്ചയിച്ച പ്രകാരം പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 മണി വരെ വസ്തുവകകൾ പരിശോധിക്കാവുന്നതാണ്. ലേലത്തെ സംബന്ധിച്ച വിവരങ്ങൾ ബാങ്കിന്റെ വെബ്സൈറ്റ് www.keralabank.co.in ൽ ലഭ്യമാണ്.

10. ലേലത്തിന് മുമ്പായി ലേല വസ്തുവകകളെ സംബന്ധിച്ച എല്ലാ നിജസ്ഥിതികളും ലേലത്തിൽ പങ്കെടുക്കുന്നവർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

11. ലേല നടപടികൾക്ക് തുറന്ന ടെണ്ടർ പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും ബാധകമായിരിക്കും.

സ്ഥലം : തിരുവനന്തപുരം
തീയതി: 22.05.2026

(ഒപ്പ്)
ജനറൽ മാനേജർ, റീജിയണൽ ആഫീസ്
തിരുവനന്തപുരം



Office- 0471-2451596, 2476676
Email: tvmro@keralabank.co.in
AR